| 01–01–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – നിങ്ങൾ രാജഋഷികളാണ് നിങ്ങൾക്ക് രാജ്യപദവി പ്രാപ്തമാക്കാനുള്ള പുരുഷാർത്ഥം ചെയ്യണം. ഒപ്പമൊപ്പം ദൈവീകഗുണങ്ങളും തീർച്ചയായും ധാരണ ചെയ്യണം.**

ചോദ്യം – ഉത്തമപുരുഷനായിത്തീരാനുള്ള പുരുഷാർത്ഥമെന്താണ്? ഏതൊരു കാര്യത്തിൽ വളരെയധികം ശ്രദ്ധവേണം?
ഉത്തരം – ഉത്തമപുരുഷനായിത്തീരണമെങ്കിൽ ഒരിക്കലും പഠിപ്പിനോട് പിണങ്ങരുത്. പഠിപ്പിനോട് കലഹിച്ചിട്ടോ പിണങ്ങിയിട്ടോ കാര്യമില്ല. പഠിച്ചാലും എഴുതിയാലും യോഗ്യരായിത്തീരാൻ സാധിക്കും. അതുകൊണ്ട് സദാ തന്റെ ഉന്നതിയെക്കുറിച്ചു ചിന്തിക്കൂ. പെരുമാറ്റത്തിലും വളരെയധികം ശ്രദ്ധ വേണം. ദേവതകളെപ്പോലെയായിത്തീരണമെങ്കിൽ പെരുമാറ്റം വളരെ രാജകീയമായിരിക്കണം. വളരെയധികം മധുരമായിത്തീരണം. എല്ലാവർക്കും മധുരമായി തോന്നുന്ന വിധത്തിലുള്ള വാക്കുകളായിരിക്കണം വായിൽ നിന്നും വീഴേണ്ടത്. ആർക്കും തന്നെ ദുഖം ഉണ്ടാകരുത്.

ഓംശാന്തി. മധുരമധുരമായ ആത്മീയകുട്ടികളെപ്രതി ബാബ മനസ്സിലാക്കിത്തരുന്നു, ചോദിക്കുന്നു താങ്കളുടെ ബുദ്ധിയുടെ അഭയസ്ഥാനം ഏതാണ്? മനുഷ്യരുടെ ബുദ്ധി ഇടയ്ക്കിടെ എവിടെയെല്ലാമോ അലഞ്ഞു കൊണ്ടിരിക്കുകയാണ്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങളുടെ ബുദ്ധിയുടെ അലച്ചിൽ അവസാനിച്ചു. ബുദ്ധിയെ ഒരു അഭയസ്ഥാനത്തേക്കു വെക്കൂ. പരിധിയില്ലാത്ത അച്ഛനെമാത്രം ഓർമ്മിക്കൂ. ആത്മീയ കുട്ടികൾക്ക് അറിയാം മുഴുലനും ലോകം തമോപ്രധാനമാണ്. നമ്പർവൈസായ പുരുഷാർത്ഥമനുസരിച്ച് ആത്മാക്കൾ സതോപ്രധാനമായിരുന്നു. ഇപ്പോൾ തമോപ്രധാനമായിരിക്കുകയാണ് ഇനി വീണ്ടും സതോപ്രധാനമായിത്തീരണം. അതുകൊണ്ട് തന്റെ ബുദ്ധിയെ ബാബയോടൊപ്പം വെക്കൂ. ഇപ്പോൾ തിരികെ പോകണം, മറ്റാർക്കും തന്നെ അറിയുകയില്ല നമുക്ക് തിരിച്ച് വീട്ടിലേക്ക് പോകണമെന്ന്. മറ്റാർക്കും ഇതുപോലെ നിർദ്ദേശനവും ലഭിച്ചിട്ടുണ്ടാവില്ല, കുട്ടികളേ എന്നെ ഓർമ്മിക്കൂ എന്ന്. എത്ര സഹജമായാണ് ബാബ മനസ്സിലാക്കി തരുന്നത്. കേവലം ബാബയെ ഓർമ്മിക്കുകയാണെങ്കിൽ തന്റെ വികർമ്മത്തെ നശിപ്പിക്കാൻ സാധിക്കും. മറ്റാർക്കും തന്നെ ഇങ്ങനെ മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ആണോ പ്രവേശിച്ചിരിക്കുന്നത് അവരും ഇത് കേൾക്കുന്നുണ്ട്. പതിതത്തിൽ നിന്നും പാവനമായിത്തീരുന്നതിന്റെയും അതിലൂടെ മുന്നോട്ടുപോകുന്നതിന്റെയും വളരെ നല്ല നിർദ്ദേശനം ബാബ നൽകുന്നു. ബാബ പറയുന്നു കുട്ടികളേ നിങ്ങൾ തന്നെയായിരുന്നു സതോപ്രധാന അവസ്ഥയിലുള്ളവർ ഇനി വീണ്ടും ആയിത്തീരണം. നിങ്ങൾ തന്നെയായിരുന്നു ആദിസനാതാനദേവീവേവതാധർമ്മത്തിലുള്ളവർ പിന്നീട് 84 ജന്മങ്ങൾ എടുത്ത് കക്കയ്ക്കു സമാനമായിരിക്കുകയാണ്. നിങ്ങൾ വജ്ര സമാനമായിരുന്നു ഇനി വീണ്ടും ആയിത്തീരണം. ബാബ വളരെയധികം സഹജമായ കാര്യങ്ങളാണ് കേൾപ്പിക്കുന്നത് സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ. ആത്മാക്കൾക്കു തന്നെയാണ് തിരികെ പോകേണ്ടത്. ശരീരം പോകില്ലല്ലോ. ബാബയോടൊപ്പം സന്തോഷത്തോടെ തിരികെ പോകണം. ബാബ നൽകുന്ന ശ്രീമതത്തിലൂടെ മാത്രമേ നിങ്ങൾ ശ്രേഷ്ഠമായിത്തീരൂ. പവിത്രമായ ആത്മാക്കൾ മൂലവതനത്തിലൽ നിന്നും വന്നാൽ പിന്നെ പുതുശരീരമെടുക്കും. ഇത് നിശ്ചയമാണല്ലോ, പിന്നെ അതിന്റെ ലഹരിയും വേണം. ദൈവീകഗുണങ്ങളും ധാരണ ചെയ്യുകയാണെങ്കിൽ നല്ല പ്രയോജനമുണ്ടാവുന്നു. നല്ല രീതിയിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഉയർന്ന പദവി നേടുക. ഇതും പഠിപ്പാണ്. നിങ്ങൾ കല്പകല്പം ഇതുപോലെത്തന്നെയാണ് പഠിക്കുന്നത്. ബാബയും കല്പകല്പം ഇങ്ങനെത്തന്നെയാണ് പഠിപ്പിക്കുന്നത്. കഴിഞ്ഞുപോയ സമയമെല്ലാം തന്നെ ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഡ്രാമാ അനുസരിച്ചു തന്നെയാണ് ബാബയുടെയും മക്കളുടെയും അഭിനയം ഉണ്ടാകുന്നത്. ബാബ ശരിയായ നിർദ്ദേശനമല്ലേ നൽകുന്നത്. കുട്ടികൾ പറയുന്നു ബാബാ ഞങ്ങൾ താങ്കളെ ഇടയ്ക്കിടെ മറന്നു പോകുന്നു. ഇതും മായയുടെ കൊടുങ്കാറ്റാണ്. മായ ദീപത്തെ അണയ്ക്കുന്നു. ബാബയെ അണയാത്ത ദീപമെന്നു പറയുന്നു. സർവ്വശക്തനായ അധികാരി എന്നും പറയുന്നു. ഏതെല്ലാം തന്നെ വേദശാസ്ത്രങ്ങളുണ്ടോ എല്ലാത്തിന്റെയും സാരമാണ് പറഞ്ഞു തരുന്നത്. ബാബ നോളേജ്ഫുള്ളാണ് സൃഷ്ടിചക്രത്തിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യമാണ് പറഞ്ഞു തരുന്നത്. ഈ ബ്രഹ്മാബാബയും പറയുന്നുണ്ട് ഞാൻ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു എന്ന്. ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്കാണ് മനസ്സിലാക്കി തരുന്നതെന്ന് അതിൽ ഈ ബ്രാഹ്മാവും അടങ്ങിയിട്ടുണ്ട്. ഇതിൽ സംശയിക്കേണ്ടതായ കാര്യമൊന്നുമില്ല. ഇത് വളരെ സഹജമായ രാജയോഗമാണ്. നിങ്ങൾ രാജഋഷികളാണ്, ഋഷി എന്നത് പവിത്രമായ ആത്മാക്കളെയാണ് പറയുന്നത്. നിങ്ങളെപ്പോലെയുള്ള ഋഷി

കൾ മറ്റാരും തന്നെയുണ്ടാവില്ല. ആത്മാവിനെയാണ് ഋഷി എന്നു പറയുന്നത്. ശരീരത്തെയല്ല പറയുന്നത്. ആത്മാവാണ് ഋഷി, രാജഋഷി. രാജ്യം എവിടെ നിന്നാണ് നേടുന്നത്? ബാബയിൽ നിന്ന്. അപ്പോൾ നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. നമ്മൾ ശിവബാബയിൽ നിന്നും രാജ്യഭാഗ്യം നേടുകയാണ്. ബാബ സ്മൃതി ഉണർത്തി തന്നു നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിരുന്നു, പിന്നീട് പുനർജന്മങ്ങൾ എടുത്തെടുത്താണ് താഴേക്കു വീണത്. ദേവതകളുടെ ചിത്രങ്ങളുമുണ്ട്. മനുഷ്യർ മനസ്സിലാക്കുന്നു ജ്യോതി ജ്യോതിയിൽ പോയി ലയിച്ചു എന്ന്. ഇപ്പോൾ ബാബ മനസ്സിലാക്കി തന്നു ഒരു മനുഷ്യൻ പോലും ജ്യോതിയിൽ പോയി ലയിക്കുന്നില്ല. ഏതൊരു മനുഷ്യനും ജീവന്മുക്തിയും നേടുന്നില്ല. അപ്പോൾ മുഴുവനും ദിവസവും കുട്ടികളുടെ ഉള്ളിൽ ചിന്തനം നടക്കണം. എത്രത്തോളം ഓർമ്മിക്കുന്നുവോ സന്തോഷമുണ്ടാവുന്നു. പഠിപ്പിക്കുന്ന ആൾ നോക്കൂ ആരാണെന്ന്. കൃഷ്ണനെ ലോർഡ്കൃഷ്ണാ എന്നു പറയുന്നു. ഭഗവാനെ ഒരിക്കലും ലോർഡ് എന്ന വാക്ക് ഉപയോഗിക്കില്ല. അവരെ ഗോഡ്ഫാദർ എന്നേ പറയൂ. അവരാണ് സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന പിതാവ്. നിങ്ങൾക്ക് ഇപ്പോൾ ഹൃദയത്തിൽ തോന്നുന്നു അതേ സ്വർഗ്ഗത്തെസ്ഥാപിക്കുന്ന പിതാവാണ് ദൈവീക രാജധാനി സ്ഥാപിക്കുന്നത്. സത്യയുഗത്തിൽ മറ്റൊരു ധർമ്മം ഉണ്ടായിരുന്നില്ല. ഈ ദേവതകളുടെ ചിത്രം തന്നെയാണ് ഉള്ളത്. അവരെയാണ് ആദിസനാതന ദേവീദേവതകൾ എന്നു പറയുന്നത്. ഇവർ വിശ്വത്തിന്റെ അധികാരികളായിരുന്നു. അവരെ സത്യയുഗി എന്നു പറയുന്നു, നിങ്ങൾ സംഗമയുഗികളാണ്. നിങ്ങൾക്ക് അറിയാം ബാബ നമ്മെ ധാർമ്മികരാക്കി മാറ്റുകയാണ്. നിങ്ങൾ ധാർമ്മികരായി മാറിക്കൊണ്ടിരിക്കുകയാണ്. വികാരികളെ അധാർമ്മികരെന്നാണ് പറയുന്നത്. ഈ ദേവീദേവതകൾ പവിത്രരാണ്. പവിത്രതയുടെ പ്രകാശമാണ് കാണപ്പെടുന്നത്. അധാർമ്മികത്വം അർത്ഥം ഒരു ചുവടുപോലും ശരിയല്ല അതായത് ധർമ്മത്തിനു നിരക്കാത്തതാണ്. ശിവാലയത്തിൽ നിന്നും താഴേക്കിറങ്ങി വേശ്യാലയത്തിലേക്ക് വരുന്നു. ഏതുവരെ നിങ്ങൾ മറ്റുള്ളവർക്ക് ബാബയുടെ പരിചയം നൽകുന്നില്ലയോ അവരാണ് സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന പിതാവെന്ന് അതുവരെയ്ക്കും പുതിയവർക്കാർക്കും ഈ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കില്ല. സ്വർഗ്ഗം, നരകം രണ്ട് അക്ഷരങ്ങളാണ് ഉള്ളത്. സുഖം-ദുഖം, സ്വർഗ്ഗം-നരകം. നിങ്ങൾക്ക് അറിയാം ഭാരതത്തിൽ സുഖമായിരുന്നു, ഇപ്പോൾ ദുഖമാണ്. പിന്നീട് ബാബ വന്ന് സുഖത്തെ നൽകുന്നു. ഇപ്പോൾ ദുഖത്തിന്റെ സമയം ഇല്ലാതാവുകയാണ്. ബാബ കുട്ടികൾക്കു വേണ്ടി സുഖത്തിന്റെ സമ്മാനവും കൊണ്ടു വന്നിരിക്കുകയാണ്. എല്ലാവർക്കും സുഖത്തെ നൽകുന്നു അതുകൊണ്ടാണല്ലോ എല്ലാവരും അവരുടെ മഹിമ പാടുന്നത്. സന്യാസിമാരെല്ലാം തന്നെ തപസ്സ് ചെയ്യുന്നു, അവർക്കും എന്തെങ്കിലും ആഗ്രഹം തീർച്ചയായും ഉണ്ടാകുന്നു. സത്യയുഗത്തിൽ ഇങ്ങനെയൊന്നും തന്നെയില്ല. അവിടെ മറ്റൊരു ധർമ്മത്തിലുള്ളവരും ഇല്ല. ഇപ്പോൾ നിങ്ങൾ പുതിയ ലോകത്തേക്കു പോകാനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. അറിയാം അവിടെ സുഖധാമം, ശാന്തിധാമം, പിന്നെ ഇവിടെ ദുഖധാമമാണ്. നിങ്ങൾ ഇപ്പോൾ സംഗമയുഗത്തിലാണ് ഉത്തമ പുരുഷാനായിത്തീരാനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത്. നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം. ഒരിക്കലും പഠിത്തത്തിൽ പിണങ്ങരുത്. ആരെങ്കിലുമായി ചേർന്നു പോകാൻ സാധിക്കുന്നില്ലെങ്കിൽ പഠിപ്പിനെ ഉപേക്ഷിക്കരുത്. പഠിപ്പിൽ കലഹിക്കുന്നതിലൂടെയോ യുദ്ധം ചെയ്യുന്നതിലൂടെയോ കാര്യമില്ല. പഠിച്ചാലും എഴുതിയാലും യോഗ്യതയുള്ളവരായിത്തീരാം. കലഹിച്ചുകൊണ്ടിരുന്നാൽ എങ്ങനെ യോഗ്യരായി മാറാൻ സാധിക്കും പിന്നെ പെരുമാറ്റവും തമോപ്രധാനമായിത്തീരുന്നു. ഓരോരുത്തർക്കും തന്റെ ഉന്നതിയെക്കുറിച്ച് ചിന്തിക്കണം. ബാബ പറയുന്നു – അല്ലയോ ആത്മാക്കളേ, ബാബയെ ഓർമ്മിക്കൂ എന്നാൽ വികർമ്മം നശിക്കുന്നു, ദൈവീകഗുണങ്ങളും ധാരണ ചെയ്യപ്പെടും. അഥവാ ലക്ഷ്മി-നാരായണനു സമാനമായിത്തീരണമെങ്കിൽ ബാബ തന്നെയാണ് അവരെ അതുപോലെയാക്കി തീർത്തത്. ബാബ പറയുന്നു നിങ്ങൾ തന്നെയായിരുന്നു ഈ രാജ്യം ഭരിച്ചത്. ഇപ്പോൾ വീണ്ടും നിങ്ങൾക്കു തന്നെ ഭരിക്കണം. ബാബ സംഗമയുഗത്തിലാണ് രാജയോഗം പഠിപ്പിക്കുന്നത്. നിങ്ങൾ കല്പകല്പം ഇതുപോലെയായിത്തീരുന്നു. അല്ലാതെ എപ്പോഴും കലിയുഗം തന്നെയാവില്ലല്ലോ. കലിയുഗത്തിനു ശേഷം സത്യയുഗം..... ഈ ചക്രം തീർച്ചയായും കറങ്ങും. സത്യയുഗത്തിൽ കുറച്ചു മനുഷ്യരായിരുന്നു. അപ്പോൾ തീർച്ചയായും കുറവായിരിക്കണമല്ലോ. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. കഴിഞ്ഞുപോയ കഥകളാണ് കേൾപ്പിക്കുന്നത്. ചെറിയ കഥയാണ്. വാസ്തവത്തിൽ കഥ വലുതാണ്, പക്ഷേ മനസ്സിലാക്കുന്നതിൽ ചെറുതാണ്. 84 ജന്മങ്ങളുടെ രഹസ്യമാണ്. നിങ്ങൾക്കും ആദ്യം അറിയില്ലായിരുന്നു. ഇപ്പോൾ നിങ്ങൾക്കു മനസ്സിലായി നമ്മൾ പഠിച്ചുകൊണ്ടിരിക്കുകയാണെന്ന്. ഇത് സംഗമയുഗത്തിലെ പഠിപ്പാണ്. ഇപ്പോൾ ഡ്രാമയുടെ ചക്രം കറങ്ങി വന്നിരിക്കുയാണ്, പിന്നീട് സത്യയുഗം മുതൽക്ക് ആരംഭിക്കുന്നു. ഈ പഴയ സൃഷ്ടി പരിവർത്തനപ്പെടണം. കലിയുഗീ മുൾക്കാട് നശിച്ച് പിന്നീട് സത്യയുഗീ പൂന്തോട്ടമായിത്തീരുന്നു. പുഷ്പം എന്ന് ദൈവീക ഗുണങ്ങളുള്ളവരെയാണ് പറയുന്നത്. മുള്ള് എന്ന് ആസുരീയ അവഗുണങ്ങളുള്ളവരെയാണ് പറയുന്നത്. സ്വയത്തിൽ നോക്കണം എന്നിൽ എന്തെങ്കിലും അവഗുണങ്ങളുണ്ടോ. ഇപ്പോൾ നമ്മൾ ദേവതയാകുവാൻ യോഗ്യരായവുകയാണ്. അപ്പോൾ തീർച്ചയായും ദൈവീകഗുണങ്ങൾ ധാരണ ചെയ്യണം. ബാബ

ടീച്ചറായും സത്ഗുരുവായും വരുന്നു എങ്കിൽ സംസ്കാരത്തെയും തീർച്ചയായും ഉദ്ധരിക്കണം. മനുഷ്യർ പറയുന്നു എല്ലാവരുടെ സംസ്കാരവും മോശമാണെന്ന്. പക്ഷേ നല്ല സംസ്കാരം ആരുടെയാണ്? ഇതുകൂടി അറിയുന്നില്ല. നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നു ഈ ദേവതകളുടെ സംസ്കാരം നല്ലതായിരുന്നു എന്ന്. ഇവർ ഒരിക്കലും ആർക്കും ദുഖം കൊടുത്തിരുന്നില്ല. ആരുടെയെങ്കിലും പെരുമാറ്റം നല്ലതാണെങ്കിൽ പറയുന്നു ഇവർ ദേവിയെപ്പോലെയാണെന്ന്. ഇവരുടെ വാക്കുകൾ എത്ര മധുരമാണ്. ബാബ പറയുന്നു നിങ്ങളെ ദേവതയാക്കുന്നു എങ്കിൽ നിങ്ങൾക്കും വളരെയധികം മധുരമായിത്തീരണം. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ആര് എങ്ങനെയാണോ അതുപോലെയാക്കിത്തന്നെ മാറ്റുന്നു. നിങ്ങൾ എല്ലാവർക്കും ടീച്ചറായി മാറണം. ടീച്ചറുടെ മക്കളും ടീച്ചർ. നിങ്ങൾ പാണ്ഡവസൈനികരാണ്. പാണ്ഡവരുടെ ജോലിയാണ് എല്ലാവർക്കും വഴികാണിച്ചു കൊടുക്കുക എന്നത്. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുക. ഗൃഹസ്ഥ വ്യവഹാരത്തിലും വസിക്കണം. വീടുകളിലും സേവനം ചെയ്യാൻ സാധിക്കും. ആര് വരുന്നുവോ അവരെ പഠിപ്പിച്ചുകൊണ്ടിരിക്കണം, അങ്ങനെ ധാരാളം പേരുണ്ട്, ഗീതാപാഠശാലകൾ തുറന്ന് ധാരാളം പേരുടെ സേവനം ചെയ്തുകൊണ്ടിരിക്കുന്നവർ. അല്ലാതെ ഇവിടെ വന്നിരിക്കാനല്ല. കന്യകമാർക്ക് വളരെ എളുപ്പമാണ്. മാസത്തിൽ രണ്ട് പ്രാവശ്യം കറങ്ങിയാൽ പിന്നെ വീട്ടിലേക്ക് പോകാം. വീടിനെ സന്യസിക്കേണ്ട ആവശ്യമൊന്നും ഇല്ല. വീട്ടിൽ നിന്നും വിളി വന്നാൽ പിന്നെ നിങ്ങൾക്ക് പോകാം അതിന് വേണ്ട എന്നു പറയുന്നില്ല. ഇതിൽ നഷ്ടത്തിന്റെ കാര്യമൊന്നുമില്ല, ഒന്നുകൂടി ഉണർവ്വു വരുകയെ ഉള്ളൂ. ഒന്നുകൂടി സമർത്ഥരായിത്തീരും. വീട്ടിലുള്ളവരെക്കൂടി തനിക്കു സമാനമാക്കിമാറ്റി കൂടെ കൊണ്ടുപോകും. അങ്ങനെ ധാരാളം പേരുണ്ട് വീട്ടിലിരുന്നുകൊണ്ടും സേവനം ചെയ്യുന്നവർ അവർ സമർത്ഥരായിത്തീരും.

ബാബ മുഖ്യമായ കാര്യം മനസ്സിലാക്കിത്തരുന്നു സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ ബാബയെ ഓർമ്മിക്കൂ. തന്റെ ഉന്നതിയെക്കുറിച്ച് ചിന്തിക്കണം. വീട്ടിലിരിക്കുന്നവർക്ക് ഇവിടെ വസിക്കുന്നവരെക്കാളും നല്ല ഉന്നതിയുണ്ടാകുന്നു. നിങ്ങളോട് വീട്ടിലേക്ക് പോകേണ്ട എന്നു പറഞ്ഞിട്ടില്ല. അവരുടെയും മംഗളം ചെയ്യണം. ആർക്കാണോ മംഗളം ചെയ്യുന്ന സ്വഭാവമുള്ളത് അവർക്ക് ഒരിക്കലും അതില്ലാതെ ഇരിക്കാൻ സാധിക്കില്ല. ജ്ഞാനവും യോഗവും പൂർണ്ണമായും ഉണ്ടെങ്കിൽ ആരും അപമാനിക്കുകയില്ല. യോഗമില്ലെങ്കിൽ മായയുടെ അടിയേൽക്കും. അപ്പോൾ ഗൃഹസ്ഥത്തിലിരുന്നുകൊണ്ടും കമലപുഷ്പസമാനം പവിത്രമായിത്തീരണം. ബാബ സ്വാതന്ത്ര്യം നൽകുകയാണ്, വീട്ടിലും ഇരുന്നോളൂ എന്ന്. എല്ലാവർക്കും എങ്ങനെ ഇവിടെ വന്ന് ഇരിക്കാൻ സാധിക്കും? എത്ര പേരാണോ വരുന്നത്, അവർക്ക് അത്രയ്ക്കും കെട്ടിടങ്ങൾ ഉണ്ടാക്കേണ്ടതായി വരും. കല്പം മുമ്പ് എന്തെല്ലാമാണോ സംഭവിച്ചത് അതെല്ലാം തന്നെ ആവർത്തിക്കപ്പെടും. കുട്ടികളുടെയും അഭിവൃദ്ധി സംഭവിക്കും. ഡ്രാമയിൽ ഇല്ലാത്തത് ഒന്നും തന്നെ സംഭവിക്കില്ല. ഈ യുദ്ധങ്ങളെല്ലാം തന്നെ ഉണ്ടാകുന്നത്, ഇത്രയ്ക്കും മനുഷ്യർ മരിക്കുന്നത്, ഇതെല്ലാം തന്നെ ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. എന്തെല്ലാമാണോ കഴിഞ്ഞുപോയത് അത് വീണ്ടും ആവർത്തിക്കും. എന്താണോ കല്പകല്പം മനസ്സിലാക്കി തന്നത് അതുതന്നെ വീണ്ടും മനസ്സിലാക്കിത്തരുന്നു. മനുഷ്യർ ഇതിനെക്കുറിച്ച് എന്തു തന്നെ ചിന്തിച്ചാലും എന്താണോ ഡ്രാമയിൽ അടങ്ങിയിട്ടുള്ളത് ഞാൻ അതേ പാർട്ടു തന്നെ അഭിനയിക്കും. ഡ്രാമയിൽ ഒരിക്കലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാവില്ല. എന്താണോ കല്പം മുമ്പ് പഠിച്ചത് അതുതന്നെ വീണ്ടും പഠിക്കും. ഓരോരുത്തരുടെയും പോരുമാറ്റത്തിലൂടെ സാക്ഷാത്കാരങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. എന്ത് പഠിച്ചുവോ അതിനനുസരിച്ചുള്ള പദവിനേടുന്നു. നല്ല സേവനം ചെയ്തതിനുശേഷം ചിലപ്പോൾ പെട്ടെന്ന് അപകടം സംഭവിച്ചാൽ നല്ല കുലത്തിൽ പോയി ജന്മം എടുക്കും. വളരെയധികം സുഖിയായിരിക്കും. എത്ര സുഖം മറ്റുള്ളവർക്കു നൽകിയോ അത്രയും സുഖം അവർക്ക് ലഭിക്കുന്നു. ഈ സമ്പാദ്യം ഒരിക്കലും നഷ്ടമാകുന്നില്ല. സത്യയുഗത്തിൽ എവിടെ വിജയമുണ്ടോ അവിടെ ജന്മമുണ്ടാകുന്നു. വളരെ പേർക്ക് സുഖം നൽകുകയാണെങ്കിൽ സ്വർണ്ണ കരണ്ടി വായിലായിരിക്കും. അതിനെക്കാളും കുറഞ്ഞതാണെങ്കിൽ വെള്ളി, അതിനെക്കാളും കുറവാണെങ്കിൽ ചെമ്പിന്റേതായിരിക്കും. മനസ്സിലാകുന്നില്ലേ. എത്രത്തോളമാണോ യോഗമുള്ളത്, രാജാവ്, റാണി, പ്രജകൾ എല്ലാവരും വേണം. നല്ല രീതിയിൽ പഠിച്ചില്ല, ദൈവീകഗുണങ്ങൾ ധാരണ ചെയ്തില്ലെങ്കിൽ പദവി കുറയുന്നു. നല്ലതും മോശവുമായ കർമ്മം തീർച്ചയായും നേരിടേണ്ടതായിവരും. ആത്മാവിനറിയാം ഞാൻ എത്രത്തോളം സേവനം ചെയ്യുന്നുണ്ടെന്ന്. അഥവാ ഇപ്പോൾ ശരീരം ഉപേക്ഷിച്ചു എങ്കിൽ എന്തു പദവി ലഭിക്കും? ഇപ്പോൾ നിങ്ങൾ പഠിച്ച് മുന്നേറിക്കൊണ്ടിരിക്കുകയാണ്. ചിലർ പിണങ്ങിപ്പോവുകയാണെങ്കിൽ പറയും ഇവരുടെ ഭാഗ്യത്തിലില്ലെന്ന്. ബാബ നിങ്ങളെ എത്ര ഉയർന്നതാക്കിയാണ് മാറ്റുന്നത്! ഈ പ്രഭുവിന്റെ വീട്ടിൽ നിന്നും ആരും തന്നെ കാലിയായി പോകരുത്. ഇപ്പോൾ പ്രഭു നിങ്ങളുടെ സമ്മുഖത്താണ്. നിങ്ങൾ ആർക്കെങ്കിലും രണ്ട് അക്ഷരം കേൾപ്പിച്ചാൽ മതി അവർ പ്രജയിലേക്ക് വരും. ദേവീദേവതാധർമ്മത്തിലുള്ളവർ വന്നുകൊണ്ടിരിക്കും. പക്ഷേ ഇപ്പോൾ പതിതമായതുകൊണ്ട് സ്വയത്തെ ഹിന്ദു എന്നു പറയുന്നു. എങ്ങ

നെയാണോ ബാബയിലുള്ളത്, അതുപോലെത്തന്നെയാണ് നിങ്ങളിലും ജ്ഞാനമുള്ളത്. ബാബ ജ്ഞാന സാഗരനാണ്. ഈ ചരിത്രം എങ്ങനെ ആവർത്തിക്കുന്നു എന്നു പറഞ്ഞുതരുന്നു. ടീച്ചറും വിദ്യാർത്ഥികളുടെ പഠിപ്പിലൂടെ മനസ്സിലാക്കുന്നു ഇവർ എത്ര മാർക്കിൽ പാസ്സാകുമെന്ന്. ഓരോരുത്തരും സ്വയം അറിയുന്നു. ചിലർ ദൈവീകഗുണങ്ങളിൽ കച്ചയാണ് (പാകപ്പെടാത്തത്) ചിലർ യോഗത്തിൽ കച്ചയാണ്, ചിലർ ജ്ഞാനത്തിൽ. കച്ചയായാൽ തോറ്റു പോകും. ഇന്ന് കച്ചയായവർ നാളെ പക്കയാവില്ല എന്നില്ല. മുന്നേറാൻ സാധിക്കും. സ്വയം അറിയുന്നു ഞങ്ങൾ എവിടെയെങ്കിലും തോറ്റുപോകുമോ എന്ന്. ഇന്നവർ നമ്മെക്കാളും സമർത്ഥരാണ്. പഠിച്ച് സമർത്ഥരായിത്തീരാൻ സാധിക്കും. ദേഹാഭിമാനമുണ്ടെങ്കിൽ ഒന്നും പഠിക്കാൻ കഴിയില്ല. ഞാൻ ആത്മാവാണെന്നുള്ളത് നന്നായി പക്കാ ആക്കൂ. ബാബ സ്മൃതി ഉണർത്തി തന്നു. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കും, പിന്നീട് ദൈവീകഗുണങ്ങൾ ധാരണയാവും. തന്റെ നാഡി നോക്കണം, ഞാൻ ഏത്രത്തോളം യോഗ്യരായി മാറിയിട്ടുണ്ടെന്ന്?

നിങ്ങൾ ഇപ്പോൾ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം നേടുകയാണ്. ഈ രാജയോഗത്തിന്റെ ജ്ഞാനം ബാബയ്ക്കല്ലാതെ മറ്റാർക്കും തന്നെ പഠിപ്പിച്ചുതരാൻ സാധിക്കില്ല. കുട്ടികൾ അത് പഠിക്കുന്നു. കുട്ടികൾ ചോദിക്കുന്നു ഞങ്ങളുടെ ബ്രാഹ്മണകുലത്തിൽ എത്രപേരുണ്ട്? ഇത് എങ്ങനെ പൂർണ്ണമായും അറിയാൻ സാധിക്കും. വന്നിട്ടും പോയിട്ടും ഇരിക്കും. പുതിയവർ വന്നുകൊണ്ടിരിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും  ആത്മീയഅച്ഛന്റെ ആത്മീയകുട്ടികൾക്ക്  നമസ്കാരം

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. തന്റെ സംസ്കാരത്തെ ദൈവീകമാക്കി മാക്കണം. ദൈവീകഗുണത്തെ ധാരണ ചെയ്ത് അവനവന്റെയും മറ്റുള്ളവരുടെയും നന്മ ചെയ്യണം. എല്ലാവർക്കും സുഖത്തെ നൽകണം.

2. സതോപ്രധാനമാകുന്നതിനായി ബുദ്ധി ഒരേയൊരു ബാബയിൽ വെക്കണം. ബുദ്ധിയെ അലയിക്കരുത്. ബാബയ്ക്കു സമാനം ടീച്ചറായി എല്ലാവർക്കും ശരിയായ വഴി പറഞ്ഞു കൊടുക്കണം.

### വരദാനം - നടക്കുമ്പോഴും കറങ്ങുമ്പോഴും അവനവനിലൂടെ അഷ്ടശക്തികളുടെ കിരണങ്ങളുടെ അനുഭവം ചെയ്യിക്കുന്ന മാലാഖാരൂപമായി ഭവിക്കട്ടെ.

വളരെ വിലയേറിയ മൂല്യമുള്ള കറയറ്റ രത്നത്തെ പ്രകാശത്തിനു മുന്നിൽ വെക്കുകയാണെങ്കിൽ പല പല നിറങ്ങൾ കാണപ്പെടുന്നു. ഇങ്ങനെ താങ്കൾ മാലാഖാരൂപമാകുമ്പോൾ  താങ്കളിലൂടെ നടക്കുമ്പോഴും കറങ്ങുമ്പോഴും അഷ്ടശക്തികളുടെ കിരണങ്ങളുടെ അനുഭൂതിയുണ്ടാകും. ചിലർക്ക് താങ്കളിൽ നിന്ന് സഹനശക്തി അനുഭവപ്പെടും, ചിലർക്ക് നിർണയിക്കുന്നതിനുള്ള ശക്തി അനുഭവപ്പെടും, ഓരോരുത്തർക്ക് ഓരോരോ ശക്തികളുടെ അനുഭവം വരും.

### സ്ലോഗൻ : പ്രത്യക്ഷ പ്രമാണം അവരാണ് ആരുടെയാണോ ഓരോ കർമവും സർവർക്കും പ്രേരണ  നൽകുന്നതാകുന്നത്

### ജനുവരി 2024 അവ്യക്തമാസത്തേക്ക് വിശേഷപുരുഷാർഥത്തിനുള്ള  പോയിന്റുകൾ

ഈ ജനുവരി മാസത്തിൽ വിശേഷ സൈലൻസിന്റെ അനുഭൂതി ചെയ്യുന്നതിനും ബ്രഹ്മാബാബയ്ക്കു സമാനം ഡബിൾലൈറ്റ് മാലാഖയാകുന്നതിനുമുള്ള പുരുഷാർഥത്തിന്റെ പോയിന്റുകൾ മുരളിയുടെ താഴെ എഴുതിയിരിക്കുന്നു. ഇതേ പോയിന്റുകൾ ജനുവരിമാസത്തെ പത്രപുഷ്പത്തിലും ഉണ്ടായിരിക്കും. ദയവായി എല്ലാ ബ്രഹ്മാവത്സരും ഇതനുസരിച്ച് ശ്രദ്ധ വെച്ച് പതിവായി ഏകാന്തമായിരുന്ന് കുറഞ്ഞത് 10 മിനിറ്റ് അവ്യക്ത സൈലൻസിന്റെ അനുഭവം തീർച്ചയായും ചെയ്യുക, ഒപ്പം മുഴുവൻ ദിവസവും മാലാഖാസ്ഥിതിയിൽ കഴിഞ്ഞ് തന്റെ ശ്രേഷ്ഠസങ്കൽപങ്ങളിലൂടെ സൂചനകളാൽ ചുമതലകൾ ചെയ്ത് തന്റെ സേവാസ്ഥാനത്തെ സൂക്ഷ്മവതനമാക്കുക, ഇടയ്ക്കിടെ പരസ്പരം ചേർന്ന് ഈ പോയിന്റുകളിൽ ആഴത്തി

ലുള്ള ആത്മീയസംഭാഷണം ചെയ്തുകൊണ്ട് അനുഭവങ്ങളുടെ കൊടുക്കൽവാങ്ങലുകളും നടത്തൂ. നാമേവരുടെയും ഈ ഡബിൾലൈറ്റ് സ്ഥിതിയും സൈലൻസിന്റെ ആഴമുള്ള അനുഭൂതിയും തന്നെയാണ് പരമാത്മാപ്രത്യക്ഷതയ്ക്ക് നിമിത്തമാകുക.

**അവ്യക്തി സൈലൻസിലൂടെ ഡബിൾ ലൈറ്റ് മാലാഖാ സ്ഥിതിയുടെ അനുഭവം ചെയ്യു**

സംഗമയുത്തിന്റെ വിശേഷശക്തി സൈലൻസിന്റെ ശക്തിയാണ്, സൈലൻസിൽ കഴിയുന്നതിലൂടെ ഡബിൾലൈറ്റ് മാലാഖാസ്ഥിതി സഹജമായി ഉണ്ടാകുന്നു. ഈ സ്ഥിതിയിൽ ഒരു കാര്യത്തിന്റെയും ഭാരം ഉണ്ടാകുന്നില്ല. ഇതിനുവേണ്ടി കർമം ചെയ്തും ഇടയ്ക്കിടെ നിരാകാരി, മാലാഖാസ്വരൂപത്തിന്റെ ഡ്രിൽ ചെയ്തുകൊണ്ടിരിക്കൂ. ബ്രഹ്മാബാബയെ സാകാരരൂപത്തിൽ കണ്ടതുപോലെ, സദാ ഡബിൾലൈറ്റായിരുന്നു. സൈലൻസിന്റെ സ്ഥിതിയിലൂടെ സെക്കൻഡിൽ കുട്ടികളെ ദൃഷ്ടിയിലൂടെ സായൂജ്യമടയിച്ചു. ഇങ്ങനെ ഫോളോ ഫാദർ ചെയ്യൂ എങ്കിൽ സഹജമായി തന്നെ ബാപ്സമാനമായി മാറും.